I/72911/2022

**തദ്ദേശ സ്വയംഭരണ പ്ലാനിംഗ് വകുപ്പ്**
**ജില്ലാ നഗരാസൂത്രകന്റെ കാര്യാലയം, ആലപ്പുഴ**
ജില്ലാ ടൗൺ പ്ലാനറുടെ ഉത്തരവ്
*(ഹാജർ : ശ്രീ. ജോസഫ് കെ. എഫ്.)*

വിഷയം– തദ്ദേശ സ്വയംഭരണ പ്ലാനിംഗ് കാര്യാലയം, ജില്ലാ നഗരാസൂത്രകന്റെ കാര്യാലയം, ആലപ്പുഴ– വയലാർ ഗ്രാമപഞ്ചായത്ത്- B ഗണത്തിൽപ്പെട്ട സ്കൂൾ കെട്ടിടം നിർമ്മിക്കുന്നതിന് ലേ-ഔട്ട് അംഗീകാരം നൽകി ഉത്തരവാകുന്നു.

പരാമർശം– 1) ഈ കാര്യാലയത്തിലെ 07.06.2022-ലെ TCPALP/844/2022-C/K.Dis. നമ്പർ കത്ത്.
2) ഈ കാര്യാലയത്തിലെ 31.08.2022-ലെ TCPALP/991/2022-C/K.Dis. നമ്പർ കത്ത്.
3) വയലാർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 11.10.2022-ലെ C3/1031/2022 നമ്പർ കത്ത്.

**ഉത്തരവ് നമ്പർ TCPALP/1315/2022-C/കെ.ഡിസ് തീയതി : 26-10-2022**

ആലപ്പുഴ ജില്ല, ചേർത്തല താലൂക്ക്, വയലാർ ഗ്രാമപഞ്ചായത്ത്, വാർഡ് 11-ൽ, വയലാർ കിഴക്ക് വില്ലേജിൽ, സർവ്വേ നമ്പർ 231/3-3, 231/3-2, 231/3-1, 231/1-2-1 എന്നിവയിൽപ്പെട്ട 6,960 ചതുരശ്ര മീറ്റർ ആകെ പ്ലോട്ട് വിസ്തീർണമുള്ള സ്ഥലത്ത് നിലവിലുള്ള 3100.89 ചതുരശ്ര മീറ്റർ പ്ലിന്ത് വിസ്തൃതിയുള്ള അംഗീകൃത നിർമ്മാണങ്ങളോടു ചേർത്ത് G+3 നിലകളുള്ളതും 2948.11 ചതുരശ്ര മീറ്റർ പ്ലിന്ത് വിസ്തൃതിയുമുള്ള ഗ്രൂപ്പ് B ഉപയോഗ ഗണത്തിൽപ്പെടുന്ന നിർദിഷ്ട സ്കൂൾ കെട്ടിടമുൾപ്പെടെ ആകെ 6,049.00 ചതുരശ്ര മീറ്റർ വിസ്തീർണ്ണമുള്ള നിർമ്മാണങ്ങൾക്ക് (F.S.I 0.78, കവറേജ് 23.49%) താഴെപ്പറയുന്ന നിബന്ധനകൾക്ക് വിധേയമായി K.P.B.R-2019 ചട്ടം 5(6), 30 എന്നിവ പ്രകാരം ലേ-ഔട്ട് / യൂസേജ് ഓഫ് പ്ലോട്ട് അംഗീകാരം നൽകി ഉത്തരവാകുന്നു.

പരാമർശം (1) പ്രകാരം ഈ കാര്യാലയത്തിൽ നിന്നും ലേ ഔട്ട് അനുമതി നൽകിയ ഉത്തരവ് പരാമർശം (2), (3) എന്നിവയുടെ അടിസ്ഥാനത്തിൽ ഇതിനാൽ റദ്ദ് ചെയ്യുന്നു.

നിബന്ധനകൾ:

1. അപേക്ഷകന്റെ സ്ഥലത്തിന്റെ ഉടമസ്ഥാവകാശം, നിർമാണാവകാശം, സർവ്വേ നമ്പറുകൾ, അളവുകൾ, വിസ്തീർണ്ണം എന്നിവ സംബന്ധിച്ച ബന്ധപ്പെട്ട രേഖകൾ ഒന്നും തന്നെ ഈ ഓഫീസിൽ പരിശോധനാ വിധേയമാക്കിയിട്ടില്ല. ആയതിനാൽ KPBR-2019 ചട്ടം 9(2) പ്രകാരം ആയത് ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചും സ്ഥലപരിശോധന നടത്തിയും ഗ്രാമപഞ്ചായത്ത് സെക്രട്ടറി ഉറപ്പുവരുത്തിയിരിക്കണം.
2. 2008-ലെ കേരളാ നെൽവയൽ/നീർത്തട സംരക്ഷണ നിയമം, 2018-ലെ കേരളാ നെൽവയൽ/നീർത്തട സംരക്ഷണ (ഭേദഗതി) നിയമം എന്നിവയുടെ പരിധിയിൽ വരുന്നില്ല എന്ന് ഗ്രാമ പഞ്ചായത്ത് സെക്രട്ടറി ഉറപ്പുവരുത്തിയിരിക്കണം.
3. പുറമ്പോക്ക് ഭൂമിയുടെ കയ്യേറ്റമില്ല എന്ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറി ഉറപ്പുവരുത്തിയിരിക്കണം.
4. പ്രസ്തുത സ്ഥലത്ത് നിർമ്മാണ നിയന്ത്രണങ്ങൾ ഒന്നും ഇല്ല എന്ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറി ഉറപ്പുവരുത്തിയിരിക്കണം.

5. KPBR-2019 ചട്ടം 22(4) പ്രകാരം സ്വാഭാവിക ജലനിർഗമന മാർഗ്ഗങ്ങൾ അടഞ്ഞുപോകുന്നില്ല എന്ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറി ഉറപ്പുവരുത്തേണ്ടതാണ്.
6. സൈറ്റ് പ്ലാൻ പ്രകാരമുള്ള വിശദാംശങ്ങൾ നിർമ്മാണ സ്ഥലത്ത് ലഭ്യമാക്കിയിരിക്കണം.
7. KPBR-2019 ചട്ടം 79(6) പ്രകാരം പ്രസ്തുത പ്ലോട്ടിൽ ദ്രവമാലിന്യ സംസ്കരണ പ്ലാന്റ്, പാഴ്ജലം പുനർചംക്രമണം ചെയ്യുന്നതിനും പുനരുപയോഗിക്കുന്നതിനുമുള്ള പ്രത്യേക സംവിധാനങ്ങൾ എന്നിവ ആവശ്യമെങ്കിൽ നൽകിയിയിട്ടുണ്ടെന്നു ഗ്രാമപഞ്ചായത്ത് സെക്രട്ടറി ഉറപ്പുവരുത്തിയിരിയ്ക്കണം.
8. KPBR-2019 ചട്ടം 5(4) ക്രമ നമ്പർ (12) പ്രകാരം ഫയർ ഫോഴ്സ് ഡയറക്ടറുടെയോ അല്ലെങ്കിൽ അദ്ദേഹം ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥന്റെയോ അംഗീകാരം വാങ്ങിയിരിയ്ക്കണം.
9. KPBR-2019 ചട്ടം 5(4) ക്രമ നമ്പർ (10) പ്രകാരം സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്നും ആവശ്യമെങ്കിൽ അനുമതി ലഭ്യമാക്കിയിരിക്കണം. പരിസരവാസികൾക്ക് ശബ്ദം, വായു മലിനീകരണം മുതലായവ ഉണ്ടാവാതിരിക്കാനുള്ള നടപടികൾ കൈക്കൊള്ളേണ്ടതാണ്.
10. സൈറ്റ് പ്ലാനിൽ പൊളിച്ചു നീക്കുവാനെന്നു കാണിച്ചിരിക്കുന്ന കെട്ടിടങ്ങൾ പൊളിച്ചു നീക്കിയിരിക്കണം. KPBR-2019,ചട്ടം 79A പ്രകാരം നിലവിലുള്ള, പൊളിച്ചു നീക്കേണ്ടതായ കെട്ടിടത്തിന്റെ അവശിഷ്ടങ്ങൾ Construction and Demolition Waste Management Rules-2016 പ്രകാരം സുരക്ഷിതമായി നിർമ്മാർജനം ചെയ്യേണ്ടതാണ്
11. പ്രസ്തുത നിർമ്മാണം KPBR-2019 ലെ ചട്ടങ്ങൾക്കും, അനുബന്ധ ഭേദഗതികൾക്കും, ബാധകമായ മറ്റ് നിയമങ്ങൾക്കും അനുസൃതമായിരിയ്ക്കണം.

***യൂസേജ് ഓഫ് പ്ലോട്ട് / ലേ-ഔട്ട് അംഗീകാരം മാത്രമാണ് ഈ ഓഫീസിൽ നിന്നും നൽകുന്നത്. ഇത് ഒരു കെട്ടിട നിർമ്മാണാനുമതിയല്ല. ആയത് ബന്ധപ്പെട്ട തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിൽ നിന്നും നിയമാനുസൃതം വാങ്ങേണ്ടതാണ്.***

അംഗീകരിച്ച ലേ-ഔട്ട് നമ്പർ - എൽ.എ. 18/2022

Signed by
Joseph K F
Date: 26-10-2022 13:34:25

**ടൗൺ പ്ലാനർ**
**ആലപ്പുഴ**

സെക്രട്ടറി, വയലാർ ഗ്രാമപഞ്ചായത്ത് (സാക്ഷ്യപ്പെടുത്തിയ പ്ലാനുകൾ സഹിതം)

പകർപ്പ് :

1. റൈറ്റ് റവറന്റ് സാബു കെ. ചെറിയാൻ, ഡയറക്ടർ, ബിഷപ്പ് മൂർ വിദ്യാപീഠ്, ചേർത്തല.
2. ഓഫീസ് കോപ്പി
3. കരുതൽ ഫയൽ.